# ബലിപെരുന്നാൾ സന്ദേശം

ഏകദൈവത്തിൻെറ ഇഷ്ടദാസനും സമുദായങ്ങളുടെ പിതാവുമാണ് പ്രവാചകൻ ഇബ്റാഹീം. ഏകദൈവത്തിൻെറ മഹത്വം പ്രകീർത്തനവുമായി ലോകം വീണ്ടും ഇബ്റാഹീമിനെ ചരിത്രം കോറിയിട്ട തങ്ങളുടെ സ്മൃതിയിലേറ്റുന്നത് ആ ദിനത്തിലാണ്.

ആ ദിനം ലോകത്തിനുള്ള ആഘോഷമാണ്. മഹത്തായ ജീവൽസന്ദേശവുമായി ലോകത്തെ തൊട്ടുണർത്തുന്ന സുദിനം. പ്രവാചകൻ ഇബ്റാഹീമും പുത്രൻ ഇസ്മാഈലും അദ്ദേഹത്തിൻെറ മാതാവ് ഹാജറയും ത്യാഗത്തിൻെറ മാതൃകകളായി മാറിയ ചരിത്രത്തിൻെറ ആവർത്തന വിസ്മയം.

ബലി പെരുന്നാൾ ലോകത്തിന് സമർപ്പണത്തിൻെറ ചരിത്രമാണ്. അതിൻെറ സന്ദേശത്തിൻെറ പവിത്രത ദൈവസ്നേഹത്തിലും ത്യാഗബോധത്തിലും സമർപ്പണത്തിലുമാണ്. ലോക സംസ്കാരങ്ങളുടെ ആഘോഷങ്ങളിൽനിന്ന് ബലിപെരുന്നാൾ വ്യതിരിക്തമാകുന്നതും ഈ സന്ദേശത്തിലാണ്. മനുഷ്യന് ജീവിതത്തോളം പോന്ന വലുതാണത്. മറ്റുള്ളവയുടെ ആഘോഷങ്ങൾക്കത് അജ്ഞാതം.

ത്യാഗം, സമർപ്പണം.

പറഞ്ഞല്ലോ, പ്രവാചകൻ ഇബ്റാഹീം ഏകദൈവത്തിന് ഏറെ ഇഷ്ടപ്പെട്ടവനായിരുന്നെന്ന്. ശരിയാണ്. അവൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത് “ഇബ്റാഹീം സ്വയം തന്നെ ഒരു സമുദായമായിരുന്നു” എന്നാണ്. അദ്ദേഹത്തിൻെറ കർമജീവിതത്തെ തൊട്ടറിഞ്ഞ അംഗീകാരമാണത്.

ബലിപെരുന്നാൾ അന്വർഥമാകുന്നത് അതിൻെറ കേവല ആഘോഷതിമിർപ്പുകളിലല്ല. ആഘോഷിക്കാൻ നമുക്ക് യഥേഷ്ടം സന്ദർഭങ്ങളുണ്ട്. പക്ഷേ, ജീവിതത്തെ പരിവർത്തിപ്പിക്കും വിധം മഹത്തായ സന്ദേശം ലോകത്തിന് നല്കുന്നതിലാണ് അവയുടെയൊക്കെ പരാജയം.

ത്യാഗം, സമർപ്പണം.

അതാണ് ബലിപെരുന്നാളിൻെറ വ്യതിരിക്തതയെന്ന് പറഞ്ഞല്ലോ. സൃഷ്ടിച്ചു പരിപാലിക്കുന്ന സ്വന്തം ഏക ദൈവം. അവൻ മാത്രമേ തനിക്ക് ദൈവമായുള്ളൂ എന്ന് വിശ്വാസിക്കുക, തനിക്കുവേണ്ടി എല്ലാം ചെയ്തു തന്ന അവനുവേണ്ടി തൻെറതെല്ലാം സമർപ്പിക്കാൻ സന്നദ്ധനാകുക, അ വൻെറ താല്പര്യങ്ങൾക്കൊത്ത് ജീവിക്കാൻ സ്വേഛയെ ബലി നല്കുക. ഏകദൈവത്തിനു വേണ്ടി മനുഷ്യന് ചെയ്യാനാകുന്ന കാര്യം അതാണ്. അതത്രെ തൻെറ ഉന്നത സൃഷ്ടിയായ മനുഷ്യനിൽനിന്ന് ഏകദൈവം ആവശ്യപ്പെടുന്നതും. പക്ഷേ, ഒന്നുണ്ട്. അതവന് ആവശ്യമായതിനാലല്ല, മനു ഷ്യൻെറ നന്മക്ക് വേണ്ടിയാണ്.

എന്നിട്ടും നാമെന്തിന് മടിക്കണം? പിതാവായ ഇബ്റാഹീമിനെ പിന്തുടരുകയല്ലേ മക്കളായ മനുഷ്യർ ചെയ്യേണ്ടത്? അദ്ദേഹം സ്വയം തന്നെ അതിൻെറ സന്ദേശമായിരുന്നു.

അദ്ദേഹം ഒരു യുഗപ്രഭുവായിരുന്നു. യുഗപ്രഭാവന്മാർക്ക് വിശ്വാസത്തിൻെറ ഔന്നിത്യമേകിയ യുഗ പ്രഭു. നാം അദ്ദേഹത്തിൻെറ പിൻതലമുറ.

സ്വന്തം ഏകദൈവത്തെ സ്നേഹത്തോടെ നെഞ്ചിലേറ്റിയവനാണ് പ്രവാചകൻ ഇബ്റാഹീം.

ഒരിക്കൽ ഏകദൈവം അദ്ദേഹത്തോട് കല്പിച്ചു: നീ വിശ്വസിക്കുക.” അദ്ദേഹം പറഞ്ഞു: ഞാനിതാ വിശ്വസിച്ചിരിക്കുന്നു.” പക്ഷേ, ആ വിശ്വാസത്തിൻെറ കരുത്ത് ഉരച്ചുനോക്കാൻ ഏകദൈവം ഒരു പരീക്ഷണം നടത്തി. നംറൂദ് രാജാവിൻെറ തീക്കുണ്ഡത്തിലേക്ക് ഇബ്റാഹീം വലിച്ചെറിയപ്പെട്ടത് അങ്ങനെയായിരുന്നു. പക്ഷേ, ഇബ്റാഹീമിൻെറ വിശ്വാസത്തിൻെറ കരുത്തിനു മുമ്പിൽ അഗ്നിനാളങ്ങൾ തണുത്തണഞ്ഞു.

പിന്നീടൊരിക്കൽ ഏകദൈവം അദ്ദേഹത്തോട് കല്പിച്ചു: നിൻെറ ഏകമകൻ ഇസ്മാഈലിനെ എനിക്ക് വേണ്ടി ബലി നല്കുക.”

നാഥൻെറ കല്പനക്ക് മുമ്പിൽ അദ്ദേഹം തകർന്നില്ല. ധിക്കരിച്ചതുമില്ല. പൂർണമനസ്സോടെ അദ്ദേഹം ബലിക്ക് സന്നദ്ധനായി. എല്ലാം ദൈവത്തിൻെറതാണ്. അവൻെറ താല്പര്യത്തിനാണ് ജീവിതത്തിൽ മുൻഗണന നല്കേണ്ടത്.

ആ സമർപ്പണം ലോകത്തിന് ആചരണമായി. ദൈവാനുസരണത്തിൻെറ ഭാഗമാണത്. ഹജ്ജിൽ ആചരിക്കപ്പെടുന്നതും ആ പരീക്ഷണത്തിൻെറ ആവർത്തനമാണ് - ഏകദൈവമേ, നിൻെറ താല്പര്യങ്ങൾക്കു മീതെ ഞങ്ങൾക്ക് യാതൊരു ഇഛയുമില്ലെന്ന ഏകദൈവവിശ്വാസികളുടെ പ്രഖ്യാപനം.

നീണ്ട നീണ്ട ദേശാടനമായിരുന്നു ഇബ്റാഹീമിൻെറത്. ഏകദൈവ വിശ്വാസം പ്രചരിപ്പിക്കാനുള്ള ദേശാന്തരഗമനം.

യുഗാന്തരങ്ങൾക്കും അത് പ്രചോദനമേകുന്നു

അതൊക്കെ മഹത്തായ ത്യാഗവും സമർപ്പണവുമായിരുന്നു.

മൺമറഞ്ഞവരുടെ കഥ നമുക്കെന്തിന് എന്ന് ചിന്തിക്കാൻ വരട്ടെ. കാരണം, എല്ലാ മനുഷ്യരോടുമുള്ള ദൈവത്തിൻെറ തേട്ടമാണത്. ചെറുതും വലുതുമായ സമർപ്പണവും ത്യാഗവും ഏകദൈവം ഓരോരുത്തരിൽനിന്നും തേടുന്നുണ്ട്. അത് നല്കേണ്ടത് മനുഷ്യൻെറ ബാധ്യത.

പക്ഷേ, ഏകദൈവ വിശ്വാസമില്ലാതെ അതെങ്ങനെ സാധിക്കാൻ? അതിനാലാണ് ഇബ്റാഹീം സ്വന്തം ഗൃഹം വിട്ടിറങ്ങി ജനത്തെ ഏകദൈവത്തിലേക്ക് ക്ഷണിച്ചത്. കാരണം, ദൈവസമർപ്പണത്തിന് അടിസ്ഥാനമായി വേണ്ടത് ഏകദൈവത്തിൽ വിശ്വസിക്കലാണ്.

ബലിപെരുന്നാൾ നമ്മോട് പറയുന്നതും ഓർമപ്പെടുത്തുന്നതും അതുതന്നെയാണ്. അതാണ് ഏകമാനവികതക്കുള്ള ദൈവികരീതി.